

FRIDAY 11/07/2025 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/07/2025

1. കേരള സർക്കാറിന്റെ സ്മമാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നവീകരിച്ച കയ്യൂർ-ചീമേനി സ്മാർട്ട് കൃഷിഭവന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 3.00 മണിക്ക് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു. ചടങ്ങിൽ തൃക്കരിപ്പൂർ MLA എം.രാജഗോപാലൻ അധ്യക്ഷത വഹിക്കും. കാസർഗോഡ് MP രാജ്മോഹൻ ഉണ്ണിത്താൻ സന്നിഹിതനായിരിക്കും.

2. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന പാലാ സാൻതോം ഫുഡ് ഫാക്ടറിയുടെ ഉദ്ഘാടനം ജൂലൈ 14ന് ഉച്ചയ്ക്ക് 2 30ന് മുണ്ടുപാലം സ്റ്റീൽ ഇന്ത്യ ക്യാമ്പസിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സമ്മേളന ഉദ്ഘാടനം സഹകരണ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവഹിക്കുന്നതാണ്.

3. നമ്മുടെ ഭാവി നമ്മുടെ കൃഷി അടിസ്ഥാനമാക്കിയാണെന്നും പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തുന്നതിലൂടെയാണ് നമ്മൾ സ്മാർട്ട് ആകുന്നതെന്നും കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ്. ചിറയിൻകീഴ് എം.എൽ.എ. വി ശശിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കിഴുവിലം കൃഷിഭവൻ മന്ദിരം ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പാർപ്പിടത്തിന്റെ കാര്യത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രതിസന്ധികൾ ഉണ്ടാകില്ലെങ്കിലും ഭക്ഷണലഭ്യത ലോകം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയാകുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. കേവലം കൃഷിഭവന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയതിലൂടെയോ, ഐ.റ്റി. സംവിധാനങ്ങൾ മെച്ചപ്പെടുത്തിയതിലൂടെയോ കൃഷി സ്മാർട്ടാകുന്നില്ല. പഴം-പച്ചക്കറികളുടെയും, ഇലവർഗ്ഗങ്ങളുടെയും, കിഴങ്ങുവർഗ്ഗങ്ങളുടെയും കാര്യത്തിൽ നമുക്ക് സ്വയംപര്യാപ്തമാകാൻ കഴിയണം അങ്ങനെ മാത്രമേ നമുക്ക് സ്മാർട്ട് ആകാൻ കഴിയു. ചിറയിൻകീഴ് കാർഷിക ബ്ലോക്കിൽ പുതുതായി കൂൺ ഗ്രാമം പദ്ധതി അനുവദിച്ചതായി മന്ത്രി പ്രഖ്യാപിച്ചു. ഓണത്തിനോടനുബന്ധിച്ച് കിഴുവിലം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പൂവനി പുഷ്പകൃഷി പദ്ധതി പ്രഖ്യാപനവും വേദിയിൽ നടന്നു.

4. വട്ടിയൂർക്കാവ് കൃഷിഭവന്റെ നേതൃത്വത്തിൽ SFS പള്ളിയുടെ അങ്കണത്തിൽ പൂകൃഷിയുടെ തൈനടീൽ ഉത്ഘാടനവും, പച്ചക്കറി തൈയുടെ സൗജന്യ വിതരണവും നടത്തപ്പെടുന്നു. പ്രസ്തുത ചടങ്ങിന്റെ ഉത്ഘാടനം ഇന്ന് രാവിലെ 9.15 ന് വട്ടിയൂർക്കാവ് MLA V K പ്രശാന്ത് നിർവഹിക്കും.

5. പ്ലാറ്റിനം ജൂബിലി വർഷത്തിൽ വെള്ളായണി കാർഷിക കോളേജിന് സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ജൈവവൈവിദ്ധ്യ സംരക്ഷണ പുരസ്കാരം. കോളേജ് തലത്തിൽ വെള്ളായണി കാർഷിക കോളേജും ഇരിങ്ങാലക്കട ക്രൈസ്റ്റ്കോളേജും പുരസ്കാരം പങ്കിട്ടു. 12,500 രൂപ വീതവും പ്രശസ്തി പത്രവുമാണ് അവാർഡ്. വെള്ളായണി കാർഷിക കോളേജിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി ഒട്ടനവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

6. നാളികേര വികസന ബോർഡ് നടപ്പാക്കുന്ന സുസ്ഥിര ഉൽപ്പാദനക്ഷമത വർധനയുള്ള സമഗ്ര കേരവികസന പദ്ധതിയിലേക്ക് കേര കർഷക കൂട്ടായ്മകൾക്ക് നേരിട്ടോ കൃഷിഭവനുകൾ ഏജൻസികളായോ അപേക്ഷിക്കാം. അവസാന തീയതി ജൂലായ് 16ന് വൈകിട്ട് അഞ്ചുവ 5 മണി വരെ. വിവരങ്ങൾക്ക്: https://coconutboard.gov.in/docs/piccsker.pdf ഫോൺ: 0484 2376265, 2377267.

7. റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർഗവേഷണകേന്ദ്രത്തിലെ ഇന്ത്യൻ ശാസ്ത്രജ്ഞ ഡോ ഫേബ ജോസഫ് ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ മറുപടി പറയുന്നതാണ്. കോൾ സെന്റർ നമ്പർ 0481– 2576622.

8. കോഴിക്കോട് കാലിക്കറ്റ് അഗ്രിഹോർട്ടികൾച്ചറൽ സൊസൈറ്റി ഞാറ്റുവേല നടീൽവസ്തുക്കളുടെ പ്രദർശന വിപണന മേള തുടങ്ങി. തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. നമ്മുടെ നഷ്ടപ്പെട്ടുപോയ കാർഷികസംസ്കാരം വീണ്ടെടുക്കേണ്ടത് നാടിന് ആവശ്യമാണെന്നും അതിന് ഇത്തരം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



മേളകൾ സഹായകമാണെന്നും എം.എൽ.എ പറഞ്ഞു. ഗാന്ധി പാർക്കിൽ നടക്കുന്ന മേളയിൽ നടീൽ വസ്തുക്കൾക്കൊപ്പം കാർഷികോപകരണങ്ങളും മറ്റും മിതമായ നിരക്കിൽ വാങ്ങാനാവും. ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 9 വരെയാണ് പ്രദർശനം. 18-ന് സമാപിക്കും.

<u>പരിശീലന പരിപാടി</u>

9. ജില്ലാ മൃഗസംരക്ഷണപരിശീലന കേന്ദ്രം ഇറച്ചിക്കോഴി വളർത്തലിൽ പരിശീലന ക്ലാസ് നൽകുന്നു. കണ്ണൂർ കക്കാട് റോഡിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ജൂലൈ 15, 16 തീയതികളിലാണ് പരിശീലനം. അപേക്ഷകർ ജൂലൈ 14 ന് വൈകീട്ട് നാലിനകം പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യണം. ആദ്യത്തെ 50 പേർക്കാണ് പ്രവേശനം. ഫോൺ: 0497 2763473

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പൗൾട്രി മാനേജ്മെന്റ് (കോഴി, കാട, താറാവ് വളർത്തൽ)"എന്ന വിഷയത്തിൽ 2025 July 15 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ10 മണി മുതൽ 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. **കാർഷിക നിർദേശം**

നെല്ല് – ബ്ലാസ്റ്റ് രോഗം

നെല്ലിൽ കാണുന്ന ബ്ലാസ്റ്റ് രോഗത്തെ പ്രതിരോധിക്കാനായി 1.5 മില്ലി. ഫ്യൂജിയോൺ 1 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക. അല്ലെങ്കിൽ ഒരു മില്ലി ഐസോപ്രൊതയാലിൻ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ 10 ലിറ്റർ വെള്ളത്തിൽ എന്നതോതിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം